# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/1609/2017

തീയതി:09-07-2018

വിഷയം:-വ്യവസായം- ഡിപി പൂവൻതുരുത്ത് - മെ. ജെ.എസ് റബ്ബേഴ്സ് - സ്ഥലവും സ്ഥാപനവും മെ. പ്രിയ അക്യുമുലേറ്റേഴ്സ് എന്ന പേരിൽ കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.
2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.
3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013
4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.
5) സർക്കാർ കത്ത് നമ്പർ 2284/എഫ്1 2013/വ്യവ തീയതി 02-12-2013.
6) സർക്കാർ ഉത്തരവ് നമ്പർ ( സാധാരണ) 732/2017/വ്യവ തീയതി 24-05-2017.
7) ഈ ഓഫീസിലെ 25-06-2002 - ലെ ഉത്തരവ് നമ്പർ ബി1/4333/92.
8) ശ്രീ.സി.എ ജോസഫ്, പ്രൊപ്രൈറ്റർ, ജെ.എസ് റബ്ബേഴ്സ് 30-03-17 ൽ സമർപ്പിച്ച അപേക്ഷ.
9) ശ്രീമതി പ്രിയാദേവി ജി, അശ്വതി, മറിയപ്പള്ളി പി.ഒ., 03-04-2017 ൽ സമർപ്പിച്ച അപേക്ഷ.
10) 05-10-2017 ലെ ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ നടപടിക്രമം.
11) ഈ ആഫീസിലെ ഇതേ നമ്പരിലുള്ള 15-11-2017 ലെ കത്ത്.
12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ സർക്കുലർ ഐ. ഡി5/1127/13.

ഈ ആഫീസിലെ സൂചന (7) ൽ പരാമർശിക്കുന്ന ഉത്തരവ് പ്രകാരം പനച്ചിക്കാട് വില്ലേജിൽ,പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 471/2, 3 ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം ശ്രീ.സി.എ. ജോസഫ്, ചിറപ്പറമ്പിൽ, വെളിയനാട് പി.ഒ., ആലപ്പുഴ എന്ന സംരംഭകന് റബ്ബർ മാറ്റ് നിർമ്മാണത്തിനായി മെ.ജെ.എസ് റബ്ബേഴ്സ് എന്ന പേരിൽ സൂചനകളിൽ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകരം ഹയർപർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചു നൽകിയിരുന്നു. റബ്ബർ മാറ്റ് നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന ടി സ്ഥാപനം പ്രായാധിക്യം മൂലവും ആരോഗ്യപരമായ കാരണങ്ങളാലും മുന്നോട്ട് നടത്തികൊണ്ടുപോകുവാൻ സാധിക്കാത്തതിനാൽ ശ്രീമതി പ്രിയാദേവി ജി, അശ്വതി, മറിയപ്പള്ളി പി.ഒ എന്ന സംരംഭകയുടെ പേരിലേക്ക് കൈമാറി നൽകണമെന്നു സൂചന (8) പ്രകാരം ശ്രീ.സി.എ ജോസഫ് അപേക്ഷിച്ചിരുന്നു. ടി സ്ഥലവും സ്ഥാപനവും ഏറ്റെടുത്ത് മെ.പ്രിയാ അക്യുമുലേറ്റേഴ്സ് എന്ന പേരിൽ ബാറ്ററി നിർമ്മാണം നടത്തുന്നതിനായി കൈമാറി അനുവദിച്ചുതരണമെന്ന് ശ്രീമതി പ്രിയാദേവിയും സൂചന (9) പ്രകാരം അപേക്ഷിക്കുകയും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയും ചെയ്തു.

ഈ സ്ഥാപനത്തിന്റെ പേരിൽ നിലവിൽ സർക്കാരിലോ, ധനകാര്യസ്ഥാപനങ്ങളിലോ യാതൊരുവിധ ബാധ്യതകളും ഇല്ലായെന്നുള്ള സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെ. ജെ.എസ് റബ്ബേഴ്സ് എന്ന സ്ഥാപനം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അണ്ടർടേക്കിംഗ് എം.ഓ.യു എന്നിവയും ശ്രീമതി പ്രിയാദേവി.ജി സമർപ്പിച്ചിട്ടുണ്ട്. സ്ഥലവിലയിനത്തിൽ 01-04-2018 ലെ നിരക്കനുസരിച്ചുള്ള വില വ്യത്യാസം അടച്ചു തീർക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയും അനുബന്ധരേഖകളും സൂചന (6) പ്രകാരം

Manager (RET)

രൂപീകൃതമായ ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി പരിശോധിക്കുകയും 05-10-2017 ലെ കമ്മിറ്റിയുടെ തീരുമാനപ്രകാരം, കൈമാറ്റത്തിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടറുടെ സൂചന (12) ൽ പരാമർശിക്കുന്ന സർക്കുലർ പ്രകാരം ഡി.എ/ഡി.പികളിൽ അസൈൻമെന്റ് ലഭിച്ചിട്ടില്ലാത്ത സംരംഭങ്ങളുടെ കൈമാറ്റം/ ആക്ടിവിറ്റി മാറ്റം/ മാനേജ്മെന്റ് ഘടനാ മാറ്റം എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ശ്രീ.സി.എ ജോസഫ്, ശ്രീമതി പ്രിയാദേവി ജി എന്നിവർ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് താഴെപറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 471/2,3 - ൽ ഉൾപ്പെട്ടതും, ശ്രീ.സി.എ ജോസഫ്, ചിറപ്പറമ്പിൽ, വെളിയനാട് പി.ഒ എന്ന സംരംഭകന് റബ്ബർ മാറ്റ് നിർമ്മാണത്തിനായി അനുവദിച്ചതുമായ 20 സെന്റ് സ്ഥലവും, ടി സ്ഥാപനവും, ശ്രീമതി പ്രിയാദേവി ജി, അശ്വതി, മറിയപ്പള്ളി പി.ഒ, കോട്ടയം എന്ന സംരംഭകയ്ക്ക്, ബാറ്ററി നിർമ്മാണത്തിനായി മെ.പ്രിയാ അക്യുമുലേറ്റേഴ്സ് എന്ന പേരിൽ സൂചനകളിൽ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം കൈമാറി ഉത്തരവാകുന്നു.

ശ്രീമതി പ്രിയാദേവി ജി, താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1) സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസായി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.
2) സ്ഥാപനത്തിന്റെ പേര്, ആക്ടിവിറ്റി, ഘടനാമാറ്റം, കൈമാറ്റം എന്നിവയ്ക്കായി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ അപേക്ഷിക്കുന്നതല്ലായെന്ന സത്യവാങ്മൂലം സമർപ്പിക്കണം.
3) പുതിയ ഹയർ പർച്ചേസ് എഗ്രിമെന്റ് സർക്കാരുമായി എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.

ഈ ഓഫീസിലെ ലാന്റ് അലോട്ട്മെന്റ് രജിസ്റ്ററിൽ ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-
1) ശ്രീ. സി.എ ജോസഫ്, ചിറപ്പറമ്പിൽ, വെളിയനാട്, ആലപ്പുഴ
2) ശ്രീമതി പ്രിയാദേവി ജി, അശ്വതി, മറിയപ്പള്ളി പി.ഒ., കോട്ടയം.

പകർപ്പ്:-
1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 10-07-18